**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5237** **12-08-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സബ് ട്രഷറിക്കായി പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ; | (എ) | പയ്യന്നൂർ സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2019 നവംബർ 4 -ന് ആണ് ആരംഭിച്ചത്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | നിലവിൽ പുതിയ കെട്ടിടത്തിന്റെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്.താഴത്തെ നിലയിലെ ചുമരുകളുടെ ജോലികൾ പൂർത്തിയായി. പ്ലംബിങ് ,ഇലക്ട്രിക്കൽ ജോലികൾ പുരോഗമിക്കുന്നു.മുകളിലത്തെ നിലയുടെ ഭിത്തിയുടെ ജോലികൾ പുരോഗമിക്കുന്നു. |
| (സി) | നിർമ്മാണ പ്രവൃത്തി വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പ്രവൃത്തി പൂർത്തീകരിച്ച് പുതിയ കെട്ടിടം എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പറയാമോ; | (സി) | കോവിഡ് - 19 രോഗ വ്യാപനവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള അസാധാരണ സാഹചര്യങ്ങളാണ് ഒരു പരിധിവരെ നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിനുള്ള കാരണം. 2021 ഡിസംബർ 31 - ന് മുൻപ് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത തീയതിയ്ക്കകം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് . |
| (ഡി) | നിർമ്മാണത്തിന് അനുവദിച്ച സമയപരിധി നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ സമയപരിധി എത്രവരെ നീട്ടി നൽകിയെന്ന് അറിയിക്കാമോ? | (ഡി) | നിർമ്മാണത്തിന് അനുവദിച്ച സമയപരിധി നീട്ടി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ